വാട്ടർ അതോറിറ്റിയെ ശക്തിപ്പെടുത്തുന്നതിന് നടപടി

16 (*448) ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ ജലമേഖലയിൽ സ്വകാര്യസംരംഭകർക്ക് അവസരം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദീകരിക്കാമോ ;

(ബി) ജലമേഖലയിൽ ബഹുരാഷ്ട്ര കമ്പനികളുടെ എന്തെല്ലാം പുതിയ സംരംഭങ്ങൾക്കാണ് ഇപ്പോൾ അനുവാദം നൽകാനുദ്ദേശിക്കുന്നത് ;

(സി) കുടിവെള്ളം സ്വകാര്യവൽക്കരിക്കപ്പെട്ട രാജ്യങ്ങളിൽ വൻവില കൊടുത്തുകൊണ്ടാണ് ജനങ്ങൾ കുടിവെള്ള ആവശ്യം നിറവേറ്റുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കേരളത്തിന്റെ ജലസമ്പത്ത് വിൽക്കാനുള്ള ശ്രമങ്ങൾക്കെതിരെ ജനങ്ങൾക്കിടയിൽ ഉണ്ടായിരിക്കുന്ന പ്രതിഷേധങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) വാട്ടർ അതോറിറ്റിയിലെ പൊതുമേഖല ശക്തിപ്പെടുത്തികൊണ്ട് ജനങ്ങളുടെ ജലാവശ്യങ്ങൾ നിറവേറ്റുന്ന പദ്ധതിക്ക് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) സ്വകാര്യ പങ്കാളിത്തത്തോടെ Boot അടിസ്ഥാനത്തിൽ കൊച്ചി വ്യവസായ ജലവിതരണ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിരുന്നു. ഇപ്പോൾ അനന്തര നടപടികൾ നിർത്തിവച്ചിരിക്കുകയാണ്.

(ബി) ഇപ്രകാരം ഒരു നിർദ്ദേശവും സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഇല്ല.

(ഡി) കേരളത്തിന്റെ ജലസമ്പത്ത് വിൽക്കാനുള്ള ശ്രമങ്ങളൊന്നും സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി ബോർഡിനുവേണ്ടി കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം

17 (*449) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിനുവേണ്ടി കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly